**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3873** **09-10-2025 - ൽ മറുപടിയ്ക്ക്**

**പാറശാല മണ്ഡലത്തിലെ പുതിയ ബസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പാറശാല മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ സർവീസ് നടത്തുന്നതിനായി എത്ര പുതിയ കെ. എസ്. ആർ. ടി. സി. ബസുകൾ അനുവദിച്ചിട്ടുണ്ട്; അവ ഓരോന്നിന്റേയും സമയവും റൂട്ടും അറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പാറശാല മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ സർവീസ് നടത്തുന്നതിനായി 6 പുതിയ കെ.എസ്.ആർ.ടി.സി. ബസുകൾ അനുവദിച്ചിട്ടുണ്ട്.<br><br>പാറശാല മണ്ഡലത്തിലെ വെള്ളറട ഡിപ്പോയ്ക്ക് ഒരു പുതിയ മിനി ബസ്സും പാറശ്ശാല ഡിപ്പോയ്ക്ക് 5 സൂപ്പർഫാസ്റ്റ് ബസ്സുകളും അനുവദിച്ചിട്ടുണ്ട്.<br><br>റൂട്ടും സമയക്രമവും ചുവടെ ചേർക്കുന്നു.<br><br><u>വെള്ളറട യൂണിറ്റ്</u><br><br>1. 07.30 വെള്ളറട - കള്ളിമൂട് - കാട്ടാക്കട<br><br><u>പാറശ്ശാല യൂണിറ്റ്</u><br><br>1. 03.30 കളിയിക്കാവിള - തൃശ്ശൂർ<br><br>2. 05.00 കളിയിക്കാവിള - എറണാകുളം<br><br>3. 05.30 കളിയിക്കാവിള - തൃശ്ശൂർ<br><br>4. 14.30 കളിയിക്കാവിള - പാലക്കാട് (2 ബസ്സുകളുപയോഗിച്ച്) |
| (ബി) | പാറശാലയിലേക്കുള്ള രാത്രികാല യാത്രാക്ലേശം പരിഹരിക്കുന്നതിനായി പുതിയ ബസുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; മണ്ഡലത്തിലെ വിവിധ ഡിപ്പോകളിൽ നിന്നും പുതിയതായി ആരംഭിക്കാനുദ്ദേശിക്കുന്ന ബസ് സർവീസുകളുടെ വിവരം ലഭ്യമാക്കാമോ; | (ബി) | പാറശാല വഴി തിരുവനന്തപുരം - നാഗർകോവിൽ റൂട്ടിൽ 24 മണിക്കൂറും തുടർച്ചയായി ചെയിൻ സർവീസുകൾ കെ.എസ്.ആർ.ടി.സി. നടത്തിവരുന്നുണ്ട്. കൂടാതെ പ്രധാന അന്തർസംസ്ഥാന റൂട്ട് ആയതിനാൽ തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷനും പ്രസ്തുത റൂട്ടിൽ 24 മണിക്കൂറും തുടർച്ചയായി ചെയിൻ സർവീസുകൾ നടത്തുന്നതിനാൽ ടി റൂട്ടിൽ രാത്രികാല യാത്രാക്ലേശം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | | | പുതുതായി കൂടുതൽ സർവീസുകൾ ആരംഭിക്കുന്ന കാര്യം സാധ്യതാപഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്. |
| (സി) | പ്രസ്തുത നിയോജക മണ്ഡലത്തിലെ കെ. എസ്. ആർ. ടി. സി. ഡ്രൈവിംഗ് സ്കൂളിന്റെ നാളിതുവരെയുള്ള പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ നൽകുമോ; | (സി) | പാറശ്ശാല യൂണിറ്റിൽ കെ.എസ്.ആർ.ടി.സി. ഡ്രൈവിംഗ് സ്കൂളിന്റെ പ്രവർത്തനം 15.03.2025-നു ആരംഭിച്ചു. ആദ്യഘട്ടത്തിൽ ഹെവി വാഹനങ്ങളുടെ പരിശീലനമാണ് ആരംഭിച്ചത്. തുടർന്ന് ലൈറ്റ് മോട്ടോർ വെഹിക്കിൾ വിഭാഗത്തിലും പരിശീലനം നൽകിവരുന്നു. 98 പഠിതാക്കൾ ഇതുവരെ ലൈസൻസിനായി അഡ്മിഷൻ നേടിയിട്ടുണ്ട്. 55 പഠിതാക്കൾ ലൈസൻസ് ടെസ്റ്റിനായി ഹാജരാക്കുകയും 54 പേർ പാസ്സാവുകയും ചെയ്തിട്ടുണ്ട്. കൂടാതെ 16 പേർ (നിലവിൽ ലൈസൻസ് ഉള്ളവർ) കൂടുതൽ പരിശീലനത്തിനായി അഡ്മിഷൻ എടുത്തിട്ടുള്ളതാകുന്നു. ഫീസിനത്തിൽ 7,89,000/- രൂപ ഇതുവരെ വരുമാനം നേടിയിട്ടുണ്ട്. |
| (ഡി) | കെ. എസ്. ആർ. ടി. സി. പുതിയതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഡ്രൈവിംഗ് സ്കൂളുകൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ? | (ഡി) | നെടുമങ്ങാട്, കരുനാഗപ്പള്ളി, ഗുരുവായൂർ, സുൽത്താൻ ബത്തേരി എന്നീ ഡിപ്പോകളിലും പാപ്പനംകോട് സെൻട്രൽ വർക്സിലും ഡ്രൈവിംഗ് സ്കൂളുകൾ ഉടൻ തന്നെ ആരംഭിക്കുന്നതാണ്. അമ്പലപ്പുഴ, കായംകുളം, തിരുവല്ല, പൊൻകുന്നം എന്നിവിടങ്ങളിൽ ഡ്രൈവിംഗ് സ്കൂളുകൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ